# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3249** **11.05.2017-ൽ മറുപടിയ്ക്ക്**

## ലോട്ടറി സംവിധാനത്തിലെ പരിഷ്കാരം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇതരസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്ക്കുന്നില്ല എന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | നിലവിൽ കേരളത്തിൽ ഇതര സംസ്ഥാന ഭാഗ്യക്കുറികളൊന്നും വിൽപ്പന നടത്തുന്നില്ല. സംസ്ഥാനത്ത് നിലവിലുള്ള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട് 2005 പ്രകാരം ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ കടന്നുവരവ് നിയന്ത്രിക്കാൻ നിലവിൽ സാധിക്കുന്നുണ്ട്. |
| (ബി) | നിലവിലുള്ള ലോട്ടറി സംവിധാനത്തിൽ എന്തെങ്കിലും പരിഷ്കാരം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഭാഗ്യക്കുറി ടിക്കറ്റുകളിൽ ബാർകോഡ്, സീക്രട്ട്കോഡ് എന്നീ സുരക്ഷാസംവിധാനങ്ങൾ ഉൾപ്പെടുത്തിയാണ് ടിക്കറ്റ് അച്ചടിക്കുന്നത്. ഭാഗ്യക്കുറി ടിക്കറ്റുകളിൽ സുരക്ഷാസംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 23-11-2016-ലെ ജി.ഒ.(ആർ.റ്റി.) 910/2016/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾക്ക് പുറമെ Micro printing, Opaque text, Currency strips മുതലായ സുരക്ഷാമാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തി ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ലോട്ടറി ഏജന്റുമാർക്കും വില്പനക്കാർക്കും നൽകി വരുന്ന കമ്മീഷൻ ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.